**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2389 — 07.02.2019 ൽ മറുപടിക്ക്

**കരകൗശല മേഖലയുടെ ഉന്നമനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഒ. ആർ. കേളു<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉല്പാദന ക്ഷമത വർധിപ്പിക്കുന്നതിനുമായി ട്രെയിനിങ് പ്രോഗ്രാമുകൾ, ക്ലസ്റ്റർ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. ട്രെയിനിങ് പദ്ധതി പ്രകാരം കരകൗശല ശിൽപ്പികൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എംപോറിയങ്ങൾ വഴിയും എക്സിബിഷൻ വഴിയും വിപണനം നടത്തുന്നു. പ്രകൃതി ദത്തമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വികസനത്തിനായി ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ കരകൗശല തൊഴിലാളികളിൽ നിന്നും കൂടുതലായി ഉൽപ്പന്നങ്ങൾ സംഭരിച്ച് പുതിയ ക്രാഫ്റ്റുകളിൽ പുതിയ സുവനീർ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി സർക്കാർ അനുവദിച്ച പദ്ധതി പ്രകാരം കരകൗശല കോർപറേഷൻ പുതിയ ഡിസൈനുകൾ വിപണിയിലെത്തിച്ചു. പുതിയ സുവനീറുകളുടെ പ്രകാശനം 31.01.2019 ൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് നടത്തുകയുണ്ടായി. കൂടാതെ 2018 ജനുവരി 14 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്തിൽ വെച്ച് മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ചു. ഈ വർഷം ഫെബ്രുവരി മാസം കണ്ണൂരിൽ വെച്ച് ക്രാഫ്റ്റ്മേള നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കരകൗശല ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും അവ ന്യായമായ വിലയ്ക്ക് വാങ്ങി വിപണനം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (ബി) | കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തി വിപണനം വർധിപ്പിക്കുന്നതിനായി ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി 38 എക്സിബിഷനുകൾ, 9 ക്രാഫ്റ്റ് ബസാറുകൾ എന്നിവ കാഡ്കോ സംഘടിപ്പിച്ചു. 3000 ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചു. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്.വിവിധ ജില്ലകളിലായി 25 ക്രാഫ്റ്റ് അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.<br>ഓൺലൈൻ വ്യപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശലവികസന കോർപറേഷൻ, KAIRALI HANDICRAFTS എന്ന പേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ - കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കി കൊണ്ട് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വൻകിട ഹോട്ടലുകളിലും ഡിസ്പ്ലേ കിയോസ്കുകൾ /ഷോറൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>ഇരുമ്പു പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക മിഷിനറികളും ഉപയോഗപ്പെടുത്തി ഉത്പാദനം വർധിപ്പിക്കുന്നതിനായി പൊതു സേവന കേന്ദ്രങ്ങൾ കാഡ്കോ സ്ഥാപിച്ചു വരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി തറികളുടെ നിർമ്മാണം, റിപ്പയർ എന്നിവ കാഡ്കോ ഏറ്റെടുത്ത് നടത്തുന്നു. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ കരകൗശലക്കാരുടെ നൈപുണ്യ വികസനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ മിഷൻ നൈപുണ്യ വികസന |

| | | | |
|---|---|---|---|
| | | | പരിശീലനം, ഗുണമേന്മ വർധിപ്പിക്കുന്നതിനുള്ള പരിശീലനം, വിപണന **മേളകൾ** സംഘടിപ്പിക്കുക തുടങ്ങിയവ നടത്തിവരുന്നു. |
| (സി) | കരകൗശല മേഖലയുടെ ഉന്നമനത്തിനായി കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് വർഷാവർഷം ബജറ്റ് വിഹിതം അനുവദിക്കുന്നു. ഇപ്രകാരം നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശലത്തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് നൽകുക, പരിശീലനം നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനങ്ങൾ നടത്തി വരുന്നു. മേൽപ്പറഞ്ഞ രീതിയിൽ സംസ്ഥാന സ്ഥാപനങ്ങൾ വഴി മേഖലയെ പരിപോഷിപ്പിക്കുന്നതിനും കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടന്നു വരുന്നു. അത് പ്രകാരം പുതുതായി ആരംഭിക്കുന്ന കരകൗശല സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക ഗ്രാന്റ് ആയി നൽകുന്നു.<br><br>കരകൗശല മേഖലയിൽ പണിയെടുക്കുന്ന 10000 കരകൗശല തൊഴിലാളികൾക്ക് 10000 രൂപയുടെ ടൂൾ കിറ്റുകൾ സൗജന്യമായി നൽകുന്ന പദ്ധതി പുരോഗമിക്കുകയാണ്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജന പ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നല്കുന്നതിനുമായി 20 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തി വരുന്നു. ഈ പരിപാടിയിലൂടെ 270 ഓളം ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 110 ഓളം പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | കരകൗശല ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനായി ഈ മേഖലയിലെ അപെക്സ് സ്ഥാപനമായ സുരഭിയുടെ പ്രദർശന-വില്പന മേളകൾ എത്രത്തോളം പ്രയോജനപ്രദമാകുന്നു എന്ന് വിശദമാക്കാമോ? | (ഡി) | കരകൗശല ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനായി സുരഭി കേരളത്തിന് അകത്തും പുറത്തും സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ എക്സിബിഷൻ സംഘടിപ്പിക്കാറുണ്ട് . ഗാന്ധി ശിൽപ്പ ബസാർ, ക്രാഫ്റ്റ് ബസാർ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് സുരഭിക്ക് ഡെവലപ്മെന്റ് കമ്മീഷണർ ഹാന്റിക്രാഫ്റ്റ് ഗ്രാന്റ് അനുവദിക്കുകയും ആയത് പ്രകാരമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് . സുരഭിയുടെ പ്രദർശന വില്പന മേളകൾ വഴി സുരഭിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൈമറി സഹകരണ സംഘങ്ങളുടെ ഉൽപ്പങ്ങൾ വിറ്റഴിക്കുന്നതിനുള്ള നല്ലൊരു മേഖല തുറന്നു കിട്ടുകയും അത് വഴി കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ